# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1142 20.1.2014 ൽ മറുപടിക്ക്

**എൽ.എസ്.എസ്, യു.എസ്.എസ് സർട്ടിഫിക്കറ്റുകളുടെ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എൽ.എസ്.എസ്, യു.എസ്.എസ് സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. സർട്ടിഫിക്കറ്റ് യഥാസമയം വിതരണം നടത്തുന്നതിന് ജില്ലാതല സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര വർഷത്തെ സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്, ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (ബി) അത്തരത്തിൽ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) ജില്ലാ സമിതി സർട്ടിഫിക്കറ്റ് അച്ചടിച്ച് നൽകുന്നതിലെ കാലതാമസമാണ് കാരണം. |
| (ഡി) എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾ ജനുവരി മാസത്തിൽ നടത്തി, കുട്ടികൾ സ്കൂൾ വിടുന്നതിന് മുമ്പ് തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഫെബ്രുവരി മാസത്തിൽ പരീക്ഷ നടത്തുവാനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതുമൂലം കുട്ടികൾ സ്കൂൾ വിടുന്നതിന് മുമ്പ്തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ